⇨ *മരുന്നുകമ്പനികൾക്കുള്ള താത്പര്യങ്ങൾ കൂടുതൽ പ്രത്യക്ഷമായിരിക്കുന്നു* ⇨

# റൂബല്ല:
# വാക്സിനേഷന്റെ മറവിലെ കമ്പോള താത്പര്യങ്ങൾ

അപൂർവ്വമായി കണ്ടുവരുന്ന വൈറൽ രോഗമായ റൂബല്ല, സ്ത്രീകൾക്ക് ഗർഭകാലത്ത് പിടിപെട്ടാൽ ജനിക്കുന്ന കുട്ടിക്ക് വൈകല്യമുണ്ടാകാൻ സാധ്യതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് സംസ്ഥാനത്തെ സർക്കാർ സ്കൂൾ വിദ്യാർത്ഥിനികളായ ആറ് ലക്ഷം പെൺകുട്ടികൾക്ക് റൂബെല്ല വാക്സിൻ നൽകിത്തുടങ്ങിയ പശ്ചാത്തലത്തിൽ വാക്സിനേഷന്റെ പിന്നിലെ ഗൂഢതാത്പര്യങ്ങളെ തുറന്നുകാട്ടുന്നു

**ഡോ. പി.ജി. ഹരി**

**വിവാദമായ** പെന്റാവാലന്റ് വാക്സിന് തൊട്ടുപിന്നാലെ മറ്റൊരു നിർബന്ധിത മരുന്നു പരീക്ഷണത്തിന് കൂടി കേരളം വേദിയാവുകയാണ്. സംസ്ഥാനത്തെ സർക്കാർ സ്കൂൾ വിദ്യാർത്ഥിനികളായ ആറ് ലക്ഷം പെൺകുട്ടികൾക്ക് റൂബെല്ല വാക്സിൻ നൽകിത്തുടങ്ങിയിരിക്കുകയാണ്. അപൂർവ്വമായി കണ്ടുവരുന്ന വൈറൽ രോഗമായ റൂബല്ല, സ്ത്രീകൾക്ക് ഗർഭകാലത്ത് പിടിപെട്ടാൽ ജനിക്കുന്ന കുട്ടിക്ക് വൈകല്യമുണ്ടാകാൻ സാധ്യതയുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് കുത്തിവയ്പ്പ് തുടങ്ങിയിരിക്കുന്നത്. പെന്റാവാലന്റ് കുത്തിവയ്പ്പിന്റെ അപകടത്തെക്കുറിച്ച് വ്യാപകമായ ചർച്ചകൾ നടക്കുന്ന കാലത്തുതന്നെ രംഗത്തെത്തിയ ഈ പുതിയ വാക്സിനെയും, അതിന്റെ പിന്നിലെ യഥാർത്ഥ താത്പര്യങ്ങൾ തുറന്നുകാണിച്ചുകൊണ്ട് എതിർക്കാൻ നാം സന്നദ്ധരാകണം. കാരണം, കുത്തക മരുന്നു കമ്പനികളുടെ പരീക്ഷണ യുക്തിതന്നെയാണ് റൂബല്ലയുടെയും വരവിന് പിന്നിലുള്ളതെന്ന് വ്യക്തം. കൂടാതെ, രോഗപ്രതിരോധ വാക്സിനുകളുടെ ആരോഗ്യസങ്കൽപ്പത്തെതന്നെ ചോദ്യം ചെയ്യേണ്ടുന്ന മറ്റനേകം കാരണങ്ങളും നാം പരിഗണിക്കേണ്ടതുണ്ട്.

**ജനസംഖ്യാ നിയന്ത്രണത്തിന്റെ രാഷ്ട്രീയം**

ജനങ്ങൾക്ക് ഒട്ടും അധികാരമില്ലാത്തവിധം ആരോഗ്യരംഗം കൂടുതൽ കേന്ദ്രീകൃതവും ജനാധിപത്യ വിരുദ്ധവുമായിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾക്ക് താത്പര്യമില്ലാത്ത പദ്ധതികൾ പോലും നിരന്തരം അടിച്ചേൽപ്പിക്കപ്പെടുന്നു. അതിനെല്ലാം പിന്നിൽ മരുന്നുകമ്പനികൾക്കുള്ള താത്പര്യങ്ങൾ കൂടുതൽ പ്രത്യക്ഷമായിരിക്കുന്നു. പൾസ് പോളിയോയ്ക്ക് ശേഷം വന്ന പുതുതലമുറ വാക്സിനുകൾക്കൊന്നും ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടാണ് റൂബല്ലയും എതിർക്കപ്പെടേണ്ടത്. അല്ലാതെ, ഗർഭകാലത്ത് എടുക്കേണ്ട വാക്സിൻ സ്കൂൾകുട്ടികൾക്ക് എന്തിന് നൽകണം എന്നതിന്റെ യുക്തിമാത്രം ചോദ്യം ചെയ്യപ്പെട്ടാൽ പോരാ. സാമൂഹികനീതിയുടെയും മനുഷ്യാവകാശത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കമ്പോള-മൂലധന താത്പര്യങ്ങളുടെയും പ്രശ്നങ്ങൾ വാക്സിനേഷനുകളുമായി ബന്ധിപ്പിച്ചുകൊണ്ട് ഉയർന്നുവരണം. ഒപ്പം യു.എന്നിന്റെ ജ

നസംഖ്യാ നിയന്ത്രണ പദ്ധതിയുമായി വാക്സിനുകൾക്കുള്ള ബന്ധവും വെളിച്ചത്തു കൊണ്ടുവരേണ്ടതുണ്ട്. റൂബല്ല വാക്സിൻ ജനസംഖ്യാ നിയന്ത്രണ പരിപാടിയുടെ ഭാഗമായി അവതരിപ്പിക്കപ്പെട്ടതാണെന്ന് ഉറപ്പിച്ചു പറയുന്നതിനുള്ള തെളിവുകൾ പ്രത്യക്ഷത്തിൽ ലഭ്യമല്ല. എന്നാൽ പലതരത്തിലുള്ള വാക്സിനേഷനുകൾ മൂന്നാംലോക രാജ്യത്തിലേക്ക് വരുന്നതിന്റെ ചരിത്രം പരിശോധിച്ചാൽ അത്തരം തെളിവുകൾ നമുക്ക് കണ്ടെത്താൻ കഴിയും.

അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന റോക്ക്ഫെല്ലർ ഫൗണ്ടേഷൻ ജനസംഖ്യാ നിയന്ത്രണം ലക്ഷ്യമാക്കുന്ന യു.എൻ പരിപാടിക്ക് വേണ്ടി ഫണ്ട് നൽകുന്നുണ്ട്. ജനസംഖ്യ നിയന്ത്രിക്കുന്നതിൽ വാക്സിനേഷന് വലിയ പങ്കുവഹിക്കാനുണ്ടെന്ന് റോക്ഫെല്ലറിന്റെ വാർഷിക റിപ്പോർട്ട് തുറന്നുപറയുന്നുണ്ട്. പ്രജനനശേഷി നഷ്ടപ്പെടുന്ന പലതരം ഘടകങ്ങൾ ലോകവ്യാപകമായി വാക്സിനേഷനുകളിൽ കണ്ടെത്തിയിട്ടുണ്ട് എന്നത് ഈ വസ്തുതയെ കൂടുതൽ ഉറപ്പിക്കുന്നു. നൈജീരിയയിൽ നൽകിയ പോളിയോ തുള്ളിമരുന്നിൽ പ്രജനന ശേഷി നഷ്ടപ്പെടുന്ന ഈസ്ട്രജൻ ഹോർമോണിന്റെ അളവ് കണ്ടെത്തിയിട്ടുണ്ട്. Human chorionic gonadotropin എന്ന ഹോർമോണിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ റൂബല്ലയിൽ അതെവിടെയും കണ്ടെത്തിയതായി വിവരങ്ങളില്ലാത്തതിനാൽ നിലവിൽ ആ വാദം മാത്രം ഉന്നയിക്കാൻ കഴിയില്ല. അതേസമയം വാക്സിനുകളെ ജനസംഖ്യാനിയന്ത്രണത്തിനായി ഉപയോഗിക്കുന്നതിന് പിന്നിലെ രാഷ്ട്രീയം തിരിച്ചറിയുകയും അത് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുകയും വേണം. വികസിതരാജ്യങ്ങളുടെ സൗകര്യങ്ങളൊന്നും കുറയ്ക്കാതെ തന്നെ വിഭവക്ഷാമവും ദാരിദ്ര്യവും എങ്ങനെ പരിഹരിക്കാമെന്നുള്ള ഗവേഷണങ്ങളാണ് മിക്ക മേഖലകളിലും നടക്കുന്നത്. ആരോഗ്യം രംഗത്ത് മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല അത്. തീവ്രവ്യവസായ വത്കരണവും ആർഭാട ഉപഭോഗവും കുറയ്ക്കാതെ തന്നെ കാർബൺ പുറംതള്ളൽ കുറയ്ക്കുന്നതിന് വേണ്ടി മൂന്നാം ലോകരാജ്യങ്ങളുടേ മേൽ ചില പരിസ്ഥിതി സംരക്ഷണ പരിപാടികൾ അടിച്ചേൽപ്പിക്കുന്നതിന്റെ ഉദാഹരണങ്ങൾ ഇന്ന് നമുക്ക് മുന്നിൽ കൂടുതൽ വ്യക്തമാണ്. വിഭവങ്ങളുടെ മേൽ അനിയന്ത്രിത അധികാരം ആഗ്രഹിക്കുന്ന മുതലാളിത്ത രാജ്യങ്ങൾക്ക് മുന്നിൽ ജനസംഖ്യകുറയ്ക്കുക തന്നെയാണ് അവരുടെ ആർഭാടങ്ങൾ നിലനിർത്തുന്നതിനുള്ള ഏകമാർഗ്ഗം. വിഭവങ്ങളുടെ മേലുള്ള അമിതകേന്ദ്രീകരണത്തിന്റെ പ്രശ്നത്തെ മറച്ചുവച്ചുകൊണ്ട് ജനസംഖ്യാവർദ്ധനവാണ് കുഴപ്പം എന്ന് പറയുന്നത് ചോദ്യം ചെയ്യപ്പെടേണ്ട കാര്യമാണ്. കേരളത്തിലെ ഒഴിഞ്ഞുകിടക്കുന്ന വീടുകളുടെ എണ്ണവും ഭവനരഹിതരുടെ എണ്ണവും തമ്മിലുള്ള വൈരുദ്ധ്യവും നമ്മുടെ കൺമുന്നിലുള്ള ഒരു പ്രത്യക്ഷ ഉദാഹരണമാണ്. എല്ലാ മേഖലകളിലും ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്.

അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന റോക്ഫെല്ലർ ഫൗണ്ടേഷൻ ജനസംഖ്യാ നിയന്ത്രണം ലക്ഷ്യമാക്കുന്ന യു.എൻ പരിപാടിക്ക് വേണ്ടി ഫണ്ട് നൽകുന്നുണ്ട്. ജനസംഖ്യ നിയന്ത്രിക്കുന്നതിൽ വാക്സിനേഷന് വലിയ പങ്കുവഹിക്കാനുണ്ടെന്ന് റോക്ഫെല്ലറിന്റെ വാർഷിക റിപ്പോർട്ട് തുറന്നുപറയുന്നുണ്ട്.

**റൂബല്ലയുടെ വരവ്**

ഇന്ത്യയിൽ രോഗപ്രതിരോധ മരുന്ന് സാർവ്വത്രികമായി ഉപയോഗിക്കുന്നതിന് സാങ്കേതിക അനുമതിയും ഉപദേശവും നൽകുന്ന സമിതിയാണ് നാഷണൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ഓൺ ഇമ്മ്യൂണൈസേഷൻ (എൻ.ടി.എ.ജി.ഐ). 25ഓളം ഡോക്ടർമാരും മറ്റ് എക്സ് ഒഫീഷ്യോ അംഗങ്ങളുമാണ് ഇതിലുള്ളത്. ഇതിൽ ഭൂരിഭാഗം ഡോക്ടർമാരും മരുന്നു കമ്പനികളുമായി ബന്ധമുള്ളവരും അവർക്ക് വേണ്ടി ഗവേഷണം നടത്തുന്നവരുമാണ്. ഡോ. ജേക്കബ് പുളിയലിനെപ്പോലുള്ള ചുരുക്കം ചിലർ മാത്രമാണ് വാക്സിനേഷന്റെ സാമൂഹിക വശങ്ങൾ പരിഗണിക്കുന്നത്. 2010ൽ നടന്ന എൻ.ടി.എ.ജി.ഐ മീറ്റിംഗിലാണ് റൂബല്ല വാക്സിൻ കൗമാരക്കാരിൽ ഉപയോഗിക്കാൻ തീരുമാനിക്കുന്നത്. റൂബല്ല രോഗം ഗർഭസ്ഥ ശിശുവിന് വൈകല്യങ്ങളുണ്ടാക്കുന്നത് ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒമ്പതാംക്ലാസ് മുതൽ പ്ലസ്ടു വരെ പഠിക്കുന്ന പഠിക്കുന്ന പെൺകുട്ടികൾക്ക് വാക്സിൻ നൽകാൻ തീരുമാനിക്കുന്നത്.

സ്വകാര്യആശുപത്രികൾ ഏറെക്കാലമായി കുഞ്ഞുങ്ങൾക്ക് എം.എം.ആർ (മീസൽ

### റൂബല്ല ഉയർത്തുന്ന ചോദ്യങ്ങൾ

- കല്യാണം, പ്രസവം തുടങ്ങിയ ഭാവികാര്യങ്ങളിൽ തീരുമാനമെടുക്കാൻ കാലമായിട്ടില്ലാത്ത കുട്ടികളിൽ നടക്കുന്ന മരുന്നുപയോഗം സ്ത്രീസ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നുകയറ്റമാണ്.
- കഴിഞ്ഞ പത്തുവർഷത്തെ രോഗബാധ നിരക്കും ഇതുമൂലമുണ്ടായിട്ടുള്ള അപകടങ്ങളും പരിശോധിച്ചാൽ ഇത്തരം മരുന്നുകൾ തീർത്തും അനാവശ്യമാണെന്ന് മനസ്സിലാകും.
- തുടർച്ചയായ സന്ധിവേദനയും, വീക്കവും ത്രോംബോസൈറ്റോപീനിയ എന്ന രക്തകോശങ്ങൾ നശിക്കുന്ന അവസ്ഥ, കടുത്തപനി, ശരീരത്തിന്റെ അമിതപ്രതികരണം മൂലം മരണം എന്നിവ ഈ മരുന്നിന്റെ അപകടകരമായ സാധ്യതകളാണ്.
- സ്റ്റീറോയിഡുകൾ, പ്രതിരോധശേഷി കുറയ്ക്കുന്ന മരുന്നുകൾ എന്നിവ ഉപയോഗിക്കുന്ന കുട്ടികളിൽ ഈ മരുന്നിന്റെ അപകട സാധ്യത വളരെ കൂടുതലാണ്.
- മന്തുഗുളിക, അയൺഗുളിക, റ്റി.റ്റി കുത്തിവയ്പ്പ് തുടങ്ങിയ സ്കൂളുകളിൽ നടത്തിയ അനാവശ്യപദ്ധതികൾ മുഴുവൻ പലപ്പോഴും അപകടങ്ങൾക്കും വ്യാപകമായ പ്രതിഷേധങ്ങൾക്കും കാരണമായിട്ടുണ്ട്.

സ്, മംപ്സ്, റൂബല്ല) വാക്സിൻ നൽകുന്നുണ്ട്. റൂബല്ല രോഗം തടയുന്നതിനുള്ള രോഗപ്രതിരോധ ശേഷിക്ക് വേണ്ടിയാണ് അതും എടുക്കുന്നത്. ശൈശവത്തിൽ വാക്സിൻ എടുത്താലും രോഗാണുവിന്റെ ഏജ്ഷിഫ്റ്റ് എന്ന പ്രതിഭാസം കാരണം റൂബല്ല രോഗാണു മുതിർന്നവരിൽ വീണ്ടും കടന്നുകൂടാൻ ഇടയുണ്ട് എന്ന വിലയിരുത്തലിന്റെ പശ്ചാത്തലത്തിലാണ് എൻ.ടി.എ.ജി.ഐ ഈ തീരുമാനമെടുത്തത്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മാത്രം മതിയെന്ന് തീരുമാനിച്ചത് സർക്കാറാണ്. സ്വകാര്യ സി.ബി.എസ്.ഇ സ്കൂളുകൾക്ക് പണം കൊടുത്ത് വാക്സിൻ എടുക്കാൻ കഴിയുമെന്നതിനാൽ ഒഴിവാക്കുന്നു എന്നായിരുന്നു വിശദീകരണം. സാമൂഹികനീതി-ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായാണ് കേരളത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.

പൂനെയിലെ സീറം ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്വകാര്യകമ്പനി മാത്രമാണ് ഈ വാക്സിൻ നിർമ്മിക്കുന്നത്. പൊതുമേഖല സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടിയതുകൊണ്ടാണ് സ്വകാര്യമേഖലയെ ആശ്രയിക്കുന്നത് എന്നതായിരുന്നു സർക്കാറിന്റെ വിശദീകരണം. കേന്ദ്രസർക്കാർ റൂബല്ല വാക്സിൻ പദ്ധതി ആവിഷ്കരിച്ചതിന് പിന്നാലെയാണ് ഗുഡ്മാനുഫാക്ചറിംഗ് പ്രൊസീജിയർ ഇല്ലെന്ന പേരിൽ പൊതുമേഖലാ കമ്പനികൾ അടച്ചുപൂട്ടിയത്.

വികലാംഗക്ഷേമത്തിനായി നീക്കിവച്ചിരുന്ന 40 കോടിരൂപയാണ് കേരള സർക്കാർ റൂബല്ല കുത്തിവയ്പ്പിനായി ഉപയോഗിക്കുന്നത്. ഇതിൽനിന്നും കോടിക്കണക്കിന് രൂപ വാക്സിന്റെ പരസ്യത്തിനായി മാത്രം ചിലവാക്കിയിട്ടുണ്ട്. അതേസമയം മരുന്ന് നൽകുന്ന വിദ്യാർത്ഥിനികളെയും അധ്യാപകരെയും സ്കൂൾ അധികൃതരെയും രക്ഷിതാക്കളെയും തീർത്തും അവഗണിച്ചുകൊണ്ട് ഏകപക്ഷീയമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമമാണ് കേരളത്തിൽ നടന്നത്. മരുന്നുകമ്പനികളോട് സർക്കാറിനുള്ള വിധേയത്വമാണ് ഇവിടെയെല്ലാം പ്രകടമാകുന്നത്. കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഹെപ്പറ്റൈറ്റിസ് ബിയുടെ പേരിൽ നടന്ന വാക്സിനേഷൻ പരിപാടിയുടെ പിന്നിൽ മരുന്നുകമ്പനികളായിരുന്നു എന്നത് തെളിഞ്ഞിട്ടുള്ള കാര്യമാണ്.

എൻ.ടി.എ.ജി.ഐയുടെ ഒരേ മീറ്റിംഗിലാണ് റൂബല്ലയും പെന്റാവാലന്റും നൽകാൻ തീരുമാനിക്കപ്പെടുന്നത്. പെന്റാവാലന്റ് ഉപയോഗിക്കാൻ തീരുമാനിക്കുന്ന മീറ്റിംഗിൽ തന്നെ അതിനെതിരെ എൻ.ടി.എ.ജി.ഐയിൽ എതിർപ്പുണ്ടായിട്ടുണ്ട്. യോഗത്തിന്റെ മിനുട്ട്സിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്. ഇഫക്ട് ആന്റ് ഇംപാക്ട് സ്റ്റഡി ഫോർ വൺ ഇയർ ആസ് എ പൈലറ്റ് പ്രോജക്ട് എന്നുപറഞ്ഞുകൊണ്ടാണ് പെന്റാവാലന്റ് കേരളത്തിലും തമിഴ്നാട്ടിലും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. ഇഫക്ട് ആന്റ് ഇംപാക്ട് സ്റ്റഡി എന്നതിനെ പ്രായോഗിക സാധ്യതകൾ പഠിക്കുക എന്നാണ് ഡോക്ടർമാർ വിശദീകരിച്ചത്. പരീക്ഷണ പ്രയോഗം എന്നുതന്നെയാണ് ഞങ്ങൾക്ക് മനസ്സിലായത്.

**വാക്സിനേഷന്റെ പ്രശ്നങ്ങൾ**

വാക്സിനേഷന്റെ ശാസ്ത്രീയത തന്നെ ചോദ്യം ചെയ്തുകൊണ്ടും റൂബല്ല എതിർക്കപ്പെടണം. രോഗബാധയുണ്ടാക്കുന്ന നിരവധി ഘടകങ്ങളിൽ ഒന്നുമാത്രമാണ് രോഗാണു. എന്നാൽ രോഗങ്ങൾ തടയുന്നതിനുള്ള മറ്റ് ഘടകങ്ങളെയെല്ലാം അവഗണിച്ച് പ്രതിരോധ കുത്തിവയ്പ്പുകൾക്ക് വേണ്ടിമാത്രം കോടിക്കണക്കിന് രൂപ ചിലവഴിക്കുന്നത് എങ്ങനെ ശാസ്ത്രീയമാകും? ശുദ്ധജലലഭ്യതയും, പോഷകാഹാരവും ശുദ്ധവായുവും മാലിന്യമുക്തമായ പരിസരവുമെല്ലാം രോഗപ്രതിരോധത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അ

*➾ റൂബല്ല എടുക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ നിങ്ങൾക്ക് പൂർണ്ണമായും അവകാശമുണ്ട് ➾*

തിലൊന്നുമില്ലാത്ത ശുഷ്കാന്തി പ്രതിരോധ മരുന്നുകളുടെ മേൽ മാത്രം കാണിക്കുന്നതിനെ അശാസ്ത്രീയമെന്നാണ് വിളിക്കേണ്ടത്.

ഗർഭസ്ഥ ശിശുക്കൾക്ക് രോഗം വരാതിരിക്കാൻ സ്കൂൾ കുട്ടികൾക്ക് എടുക്കുന്നതിന്റെ പിന്നിലെ യുക്തിരാഹിത്യവും ചോദ്യം ചെയ്യപ്പെടണം. കുപ്രചരണങ്ങൾ നടത്തിക്കൊണ്ടാണ് വാക്സിനുകൾ പലപ്പോഴും അടിച്ചേൽപ്പിക്കാറുള്ളത്. റൂബല്ലയുടെ കാര്യത്തിലും അത് സംഭവിക്കുന്നുണ്ട്. പൾസ് പോളിയോ ഫീൽഡ് സ്റ്റാഫ് പോളിയോ കൊടുത്തില്ലെങ്കിൽ ഹജ്ജിന് പോകാൻ കഴിയില്ലെന്നും സ്കൂളിൽ ചേർക്കാൻ പറ്റില്ലെന്നുമെല്ലാം പാവങ്ങളെ പറഞ്ഞുപറ്റിച്ച് പോളിയോ നൽകാൻ നിർബന്ധിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നെങ്കിലും കല്യാണം കഴിഞ്ഞ് കുട്ടികളുണ്ടാകുമ്പോൾ റൂബല്ല വന്നാൽ പ്രശ്നമാകും എന്ന് സ്കൂൾ കുട്ടികളോട് പറയുന്ന ആരോഗ്യവകുപ്പ് അതിനേക്കാൾ മോശമായ പ്രചരണമാണ് ഇപ്പോൾ നടത്തുന്നത്. കുട്ടികൾക്കുണ്ടാകാനിടയുള്ള വൈകല്യങ്ങളെ പെരുപ്പിച്ച് കാണിച്ച് സ്വയംനിർണ്ണയാവകാശത്തിന് മേൽ ദുസ്വാധീനമുണ്ടാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

**അടിച്ചേൽപ്പിക്കാനുള്ള ശ്രമം**

സ്കൂളുകൾക്ക് മേൽ പദ്ധതി അടിച്ചേൽപ്പിക്കുന്നതിനെതിരെ നിരവധി സ്കൂളുകൾ എതിർപ്പുമായി രംഗത്തെത്തിയിട്ടുണ്ട്. കൊടുങ്ങല്ലൂരിലുള്ള എടവിലങ്ങ് ഗവ. ഹയർസെക്കണ്ടറി സ്കൂൾ പി.ടി.എ കുട്ടികൾക്കാർക്കും കുത്തിവയ്പ്പെടുക്കാൻ അനുവദിക്കില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്. വയനാട്ടിൽ ഇരുന്നൂറോളം കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ 10ൽ താഴെ മാത്രമാണ് റൂബല്ല വാക്സിൻ എടുക്കാൻ പൂർണ്ണ സമ്മതം നൽകിയിട്ടുള്ളത്. ഇത്തരം എതിർപ്പുകൾ കാരണം പദ്ധതി ഒമ്പതാം ക്ലാസിലേക്കും പതിനൊന്നാം ക്ലാസിലേക്കും മാത്രമായി സർക്കാർ ചുരുക്കുകയും ചെയ്തു. റൂബല്ല എടുക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ നിങ്ങൾക്ക് പൂർണ്ണമായും അവകാശമുണ്ട്. സർക്കാറിന് നിയമപരമായി ഒന്നും ചെയ്യാൻ കഴിയില്ല. മരുന്ന് വേണ്ട എന്നാണ് തീരുമാനിക്കുന്നതെങ്കിൽ അതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക് ഞാൻ മാത്രമായിരിക്കും ഉത്തരവാദി പറഞ്ഞ് രക്ഷകർത്താവ് ഒപ്പിട്ടുനൽകണം. ഇതുതന്നെ സാധാരണക്കാരെ സമ്മർദ്ദത്തിലാക്കി, പരമാവധി കുട്ടികളിൽ മരുന്ന് അടിച്ചേൽപ്പിക്കാനുള്ള തന്ത്രമാണ്.

**ഡോക്ടർമാർ തന്നെ എതിർക്കുന്നു**

റൂബല്ലയുടെ കാര്യത്തിൽ, മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി അലോപ്പതി ഡോക്ടർമാരുടെ പക്ഷത്ത് നിന്നുതന്നെ ശക്തമായ എതിർപ്പ് ഉയർന്നുവന്നിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ മുതിർന്ന ഗൈനക്കോളജിസ്റ്റും എഴുത്തുകാരിയുമായ ഡോ. ഖദീജ മുംതാസ് റൂബല്ല കുത്തിവയ്പ്പിനെ വിമർശിച്ചുകൊണ്ട് രംഗത്ത് വന്നിരുന്നു. അതുപോലെ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ മുൻ പ്രിൻസിപ്പൽ ഡോ. കെ. മാധവൻകുട്ടി സ്കൂൾകുട്ടികൾക്ക് ഈ കുത്തിവയ്പ്പ് എടുക്കേണ്ട ഒരാവശ്യവുമില്ലെന്ന് പ്രതികരിച്ചിരുന്നു. ഹെപ്പറ്റൈറ്റിസ് ബിയും പെന്റാവാലന്റും പോലെയുള്ള പുതുതലമുറ വാക്സിനുകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുള്ള വ്യക്തിയാണ് അദ്ദേഹം. ഇങ്ങനെ നിരവധി ഡോക്ടർ റൂബല്ലയ്ക്കെതിരെ രംഗത്ത് വന്നിട്ടുണ്ട്.

**തീരുമാനം നമ്മുടേതാണ്**

അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് വാക്സിൻ പദ്ധതികൾ നടപ്പിലാക്കുന്നതിൽ സർക്കാർ സംവിധാനങ്ങൾ പൂർണ്ണപരാജയമാണ്. മരുന്നുകളുടെ സുരക്ഷിതത്വത്തെക്കുറിച്ചും ഫലപ്രാപ്തിയെക്കുറിച്ചും പൂർണ്ണമായ ഉറപ്പ് ഇപ്പോഴും ആരോഗ്യമേഖലയിലെ വിദഗ്ധർക്കില്ല. പ്രതിരോധ മരുന്നുകളുടെ ചരിത്രം പരിശോധിച്ചാൽ അക്കാര്യത്തിൽ അവർ പരാജയം ആവർത്തിക്കുന്നതായാണ് കാണാൻ കഴിയുന്നത്. പ്രതിരോധ മരുന്നുകൾ കാരണം മരണപ്പെടുകയും തളർന്നുപോവുകയും ചെയ്ത നിരവധി കുട്ടികളുടെ ഉദാഹരണങ്ങൾ നമുക്ക് മുന്നിലുണ്ട്. വാക്സിൻ നിർമ്മാതാക്കളുടെ പരീക്ഷണ ഇരകളാകാൻ നമ്മുടെ കുട്ടികളെ ഇനിയും അനുവദിക്കാൻ പാടില്ല. മരുന്നിൽ നിന്നും വിട്ടുനിൽക്കാനും വേണ്ടെന്ന് തീരുമാനിക്കാനുമുള്ള അവകാശം നമ്മുടേതാണെന്ന് മറക്കാതിരിക്കുക. ■


**വിൽപ്പനയ്ക്ക്**

നാടൻനെല്ലിനങ്ങളായ ചേറ്റാടി, മുണ്ടകൻ എന്നിവയുടെ ജൈവ അരി. നിങ്ങളുടെ തൊട്ടടുത്ത പാഴ്സൽ ഓഫീസിലോ നേരിട്ടോ അരി എത്തിക്കുന്നതാണ്. 50 കിലോയും കൂടുതലും വാങ്ങുന്നവർക്ക് കിലോ 50 രൂപയും പാഴ്സൽ ചാർജ്ജും. ചില്ലറവിൽപ്പന കിലോ 60 രൂപയും പാഴ്സൽ ചാർജ്ജും

**ബന്ധങ്ങൾക്ക്: കരീം.കെ. പുറം, പുത്തൻചിറ. പി.ഒ, തൃശൂർ ഫോൺ: 9495040513**